# പള്ളികഥകൾ

## മിനികഥകൾ പന്ത്രണ്ട്

ജോയിക്കുട്ടി,

സാധാരണ ജോസഫ് അച്ചൻ കഥ പറഞ്ഞു തുടങ്ങുമ്പോൾ ഇതൊരു സംഭവ കഥയാണെന്നുള്ള തുടക്കത്തോടെയാണ് ആരംഭിക്കുന്നതെന്ന് എനിക്കറിവുള്ളതുകൊണ്ട് ഇപ്രാവശ്യം ഞാൻ തുടക്കമിട്ടു പറഞ്ഞു:

ആമ്മീൻ, ആമ്മീൻ ഇപ്രാവശ്യം നമ്മുടെ ബഹുമാനപ്പെട്ട ജോസഫ് അച്ചൻ പറയാൻ പോകുന്നത് സാക്ഷാൽ ഒരു സംഭവകഥയാണ്.

അച്ചൻ സത്യമായിട്ട് ചിരിച്ചു പോയി. പിന്നെ പറയാൻ വലിയ ആവേശവുമായി. ഒരിക്കൽ നല്ല ആവേശമായാൽ പിന്നെ ഇടതടവില്ലാതെ കഥ വന്നുകൊണ്ടിരിക്കും. അതാണ് സാധാരണ പതിവ്.

ഇത് പഞ്ചാബിലെ ഒരു കുഗ്രാമത്തിൽ നടന്ന കഥയാണ്. പഞ്ചാബും കുഗ്രാമവുംഎടുത്തു പറയാൻ കാരണം: സാധാരണ പഞ്ചാബികൾ വളരെ സാധുക്കളും നല്ലവരും കഠിനാദ്ധ്വാനികളുമാണ്. അക്കൂട്ടത്തിൽ കുഗ്രാമത്തിലുള്ളവർ ഒന്നുകൂടെ ശുദ്ധഗതിക്കാരും വളരെ നല്ലവരുമാണ്. അവരുടെ സാധാരണ സാസാരം നമ്മൾക്കാക്കും രുചിക്കത്തില്ലന്നു മാത്രം. എന്നാൽ അവരുടെ ചരിച്ചും നീട്ടിയും കുറുക്കിയുമുള്ള സംസാരം കേൾക്കാൻ വളരെ ഇമ്പമുള്ളതാണ്. സാധാരണ പഞ്ചാബികളോ വിദ്യാഭ്യാസമുള്ള പഞ്ചാബികളോ സംസാരിക്കുന്നതിനേക്കാൾ വളരെ വ്യത്യാസമായ സാക്ഷാൽ ഗ്രാമഭാഷയിലായിരിക്കും. ഇങ്ങിനെ ഗ്രാമവാസികളെ പൊതുവേ വടക്കേ ഇന്ത്യയിലുള്ളവരെല്ലാം വിളിക്കുന്നത് 'ഗാവട' എന്നാണ്.

ഈ വടക്കേ ഇന്ത്യയിലുള്ള ഈ ഗാവടകൾക്ക് പൊതുവേ നമ്മൾമലയാളികളെ വളരെപ്രിയമാണ്. വല്ലതുംതിന്നാനും കുടിക്കാനും കൂടെ കൊടുത്താൽ പിന്നെ വളരെ വളരെ സന്തോഷമായിരിക്കും. സ്വല്പം മദ്യമോ സിഗററ്റോ കൊടുത്താൽ പിന്നെ പറയാനുമില്ല.

സാധാരണ നമ്മൾക്കാക്കെങ്കിലും ഒരല്പം മദ്യം കൊടുത്താൽ പിന്നെ സംസാരഗതി ആകെ മാറുമല്ലോ. പലരും പല രഹസ്യങ്ങളും ചോത്തിയെടുക്കാൻ ഇങ്ങിനെ മദ്യം കൊടത്ത് വെളിയിൽ ചാടിച്ചിട്ടുണ്ടെന്ന് നമ്മൾക്കറിവുള്ളതാണല്ലോ.

നമ്മളുടെ ഒരച്ചൻ ഇതുപോലെ ഒരു ഗ്രാമത്തിൽ പള്ളിയുടെ ചുമതലയുമായി കഴിയാൻ ഇടയായി. ഇപ്പോൾ പലക്കും സംശയം പഞ്ചാബികളുടെ കുഗ്രാമത്തിൽ ക്രിസ്ത്യാനികളുണ്ടോ? അവിടെ പള്ളിയുണ്ടോ തുടങ്ങിയവയാണ്. എന്നാൽ അതാണ് സത്യം അവിടെ ക്രിസ്ത്യാനികളും പള്ളിയും പട്ടക്കാരും ആരാധനകളും എല്ലാമുണ്ട്. ഇപ്പോഴിപ്പോൾ അവിടെ പഞ്ചാബിൽതന്നെ ജനിച്ചു വളന്ന ആൾക്കാർ പട്ടക്കാരായി തീന്നിട്ടുമുണ്ട്. ആദികാലങ്ങളിൽ നമ്മുടെ പല മലയാളി അച്ചന്മാരും ആവിടെ സേവനം അനുഷ്ഠിക്കാൻ പോയിട്ടുണ്ട്. അങ്ങിനെ പോയ നമ്മുടെ ഒരു മലയാളി അച്ചനുണ്ടായ അനുഭവമാണിത്:

## അതിഥി സൽക്കാരം

ഈ കുഗ്രാമത്തിൽ താമസിക്കുന്നവക്ക് അതിഥി സൽക്കാരം വളരെ തീഷ്ണമാണ്. അവരുടെ ആരുടെയെങ്കിലും വീടുകളിൽ ഒരതിഥി (വിരുന്നുകാർ) ചെന്നാൽ അവരുടെ കഴിവിന്റെ പരമാവധി അവർ സൽക്കരിക്കും. അവിടെ ചെന്നു പെട്ടിട്ടുള്ള ഈ ലോകത്തിന്റെ ഏതു ഭാഗത്തുള്ളവക്കും അതറിവുള്ളതാണ്.

നമ്മുടെ കൊച്ചച്ചൻ ചെന്ന വീട്ടിലും ഇതുപോലെ തന്നെ കാര്യങ്ങൾ എല്ലാം. അവരുടെ വീട്ടിൽ അവരുടെ പള്ളിയിലെ അച്ചൻ ചെന്നാൽ സ്വഗ്ഗത്തിൽ നിന്ന് ദൈവം ചെന്നതു പോലെയുള്ള സന്തോഷമാണ്. സാധാരണ നമ്മൾ മലയാളികളും ഏകദേശം ഇതുപോലെ തന്നെയാണല്ലോ. ഇവരാണെങ്കിൽ ഒന്നു കൂടെ കൂടുതൽ സന്തോഷവാന്മാരാണ്.

ആ വീട്ടിലെ ഏറ്റവും മുന്തിയ കസേര കൊണ്ടു വന്ന് അച്ചന്റെ മുമ്പിൽ വെച്ച് തന്നെ അതെല്ലാം ഒന്നു കൂടെ നല്ല പുത്തൻ തോത്ത് വെച്ച് തുടച്ച് വൃത്തിയാക്കി ഇരിക്കാൻ കൊടുത്തു. പെണ്ണുങ്ങൾ അടക്കളിൽ ധൃതിയിൽ ഓരോ ഏറ്റവും മുന്തിയ സാധനങ്ങൾ തയാറാക്കാൻ വെപ്രാളപ്പെട്ടു.

ഒരിക്കൽ ഇതുപോലെ ഒരു വീട്ടിൽ ചെന്ന ഈ കൊച്ചച്ചന്റെ മുമ്പിൽ ഒരു വെലിയ പാത്രം നിറച്ച് താറാമുട്ട പുഴുങ്ങികൊണ്ടു വെച്ചിട്ട് അച്ചൻ തനിയെ അതു മുഴുവനും തിന്നു തീക്കണമെന്ന് നിബന്ധമായി. അച്ചൻ ഒരു വിധത്തിൽ ആ വീട്ടിൽ നിന്ന് രക്ഷപെട്ടെന്നാണ് പറഞ്ഞത്.

ഇപ്പോൾ നമ്മുടെ കൊച്ചച്ചൻ ചെന്ന വീട്ടിൽ അവക്ക് ആകെ കൂടെയുള്ള ഏകമകന് ഏകദേശം മുപ്പതു വയസ്സായി. പക്ഷേ അവൻ ഇതുവെരെ വിവാഹിതനായില്ല. ആ ഗ്രാമത്തിൽ അത്രയും പ്രായമായി ആരുംതന്നെ വിവാഹിതരാകാതിരുന്നിട്ടില്ല. വീട്ടുകാർ കഴിയുന്ന വിധം എന്തെല്ലാം സമ്മദ്ദം ചെലുത്തിയിട്ടും അവൻ വിവാഹിതനായില്ല. അവനും വളരെ ആഗ്രഹമുള്ളതായി അവന്റെ സംസാരത്തിൽ നിന്ന് കൊച്ചച്ചനും മനസ്സിലായി.

നമ്മുടെ കൊച്ചച്ചൻ അവിടെ ചെന്നപ്പോൾ വീട്ടുകാർ അച്ചനോട് മകൻ വിവാഹം കഴിക്കാത്ത കാര്യം പറഞ്ഞു. ആ സമയത്ത് അച്ചന്റെ മനസ്സിൽ കൂടെ കടന്നു വന്നത് ഇതിന് മുമ്പ് ജോലി ചെയ്തിരുന്നിടത്ത് ഇതുപോലെ തന്നെ ഒരു പയ്യൻ വന്ന് വിവാഹം ചെയ്യണമെന്ന് പറഞ്ഞ് അവന്റെ ഭാവി വധുവിനെ വേണ്ട യോഗ്യതകൾ എല്ലാം പറഞ്ഞപ്പോൾ അച്ചൻ പറഞ്ഞ മറുപടി അതുപോലെ ഒരൊറ്റ ആളേ ഉണ്ടായിരുന്നുള്ളു അത് പരിശുദ്ധ കന്യമറിയാമായിരുന്നെന്നാണ്. അതുപോലെ ഒരു പെൺകുട്ടി വന്ന് അവൾക്ക് വിവാഹം കഴിക്കാൻ യോഗ്യനായ വരനെക്കുറിച്ച് പറഞ്ഞപ്പോൾ അത്രയും യോഗ്യതയുള്ള ഒരാളേയുള്ളുവെന്നും അത് യേശുക്രിസ്തു ആണെന്നും പറഞ്ഞതോമ്മ വന്നു.

നമ്മുടെ കൊച്ചച്ചൻ ഈ വീട്ടിലെ പയ്യനോടും പല ആവത്തി നിബന്ധിച്ച് ചോദിച്ചപ്പോൾ അവൻ വളരെ രഹസ്യമായി അച്ചനോട് പറയാൻ നിബന്ധിതനായി:

"അച്ചാ ഈ വീട്ടിൽ എന്തെങ്കിലും സാധനം പുത്തനായി ഉണ്ടായാൽ ആദ്യം വിരുന്നുകാക്ക് കൊടുത്തു സൽക്കരിച്ചിട്ടേ വീട്ടുകാർ ഉപയോഗിക്കാറുള്ളു. ഞാൻ വിവാഹം കഴിച്ചാൽ ഇവർ അതുപോലെ എന്റെ ഭാര്യയേയും ആദ്യം വിരുന്നുകാക്ക് കൊടത്തിട്ടേ എനിക്കുതരികയുള്ളു; അതെനിക്ക് ഇഷ്ടമല്ലന്ന് അച്ചൻ അവരോട് പറഞ്ഞു മനസ്സിലാക്ക്"

ആ വീട്ടിലെ സാധാരണ പതിവ് ആ വീട്ടിൽ ആരെങ്കിലും വിരുന്നുകാർ വന്നാൽ അവക്കായിരിക്കും ആ വീട്ടിലെ പുത്തനായി വാങ്ങികൊണ്ടു വന്ന സാധനം ആദ്യമായി കൊടുക്കുന്നത്. ഉദാഹരണത്തിന് ഒരു പുത്തൻ പാത്രം വാങ്ങിച്ചിട്ടുണ്ടെങ്കിൽ ആദ്യമായി വിരുന്നുകാക്ക് കൊടുത്തശേഷമേ ആ വീട്ടിലുള്ളവർ ആ പാത്രം പിന്നീട് ഉപയോഗിക്കത്തുള്ളു. ഈ പയ്യനും ജനിച്ചു വീണപ്പോൾ മുതൽ ഇതു കണ്ടു വളന്നിട്ടുള്ളതാണ്.